ചൈൽഡ് ഡവലപ്മെന്റ് സർവ്വീസസ് (സി.ഡി.എസ്)

വർഷം	അനുവദിച്ച തുക	അനുവദിച്ചത്
2010-11	3,40,000	എൻ.ആർ.എച്ച്.എം
2011-12	8,06,500	"
2012-13	10,39,240	"
2013-14	16,83,080	"
2014-15	...	

കമ്മ്യൂണിറ്റി ഡിസബിലിറ്റി ഡവലപ്മെന്റ് പ്രോഗ്രാം (സി.ഡി.ഡി.പി

വർഷം	അനുവദിച്ച തുക	അനുവദിച്ചത്
2012-13	22,53,000	എൻ.ആർ.എച്ച്.എം.
2013-14	27,72,400	"
2014-15	....	

*. പദ്ധതി 2012-13 വർഷത്തിൽ ആരംഭിച്ചു.

(സി) 2014-15 സാമ്പത്തിക വർഷം NHM ഫണ്ട് ലഭ്യമായിട്ടില്ലാത്തത് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള ശ്രമം നടന്നുവരുന്നു.

എച്ച്.എം.സി.ക്ക് കീഴിൽ ജോലി ചെയ്ത് വന്നിരുന്ന 42 ജീവനക്കാരെ പിരിച്ചുവിട്ട നടപടി

105 (2656) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ദീർഘകാലമായി എച്ച്.എം.സി.-ക്ക് കീഴിൽ ജോലി ചെയ്ത് വന്നിരുന്ന 42 ജീവനക്കാരെ പിരിച്ച് വിടാൻ എച്ച്.എം.സി. എടുത്ത തീരുമാനം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരെ പിരിച്ചുവിട്ട് പുതിയ ആളുകളെ നിയമിക്കാനുള്ള കാരണം എന്തായിരുന്നു ; വ്യക്തമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേരെ നിയമിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ജീവനക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയതിന്റെ പേരിൽ 42 ജീവനക്കാരെ പീഡിപ്പിക്കുകയും ഇവരെ ദിവസവേതനക്കാരായിവെക്കുകയും, പുതിയ ആളുകൾക്ക് പ്രതിമാസ വേതനവും മറ്റാനുകൂല്യങ്ങളും നൽകി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അപാകത പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ 4-9-1999-ലെ 22694/എം3/99/അ.കു.വ. നമ്പർ പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നത് പ്രകാരം കാലാകാലങ്ങളിലായി സംസ്ഥാനത്ത് നിലവിലുള്ള ചട്ടം അനുശാസിക്കുന്നതനുസരിച്ച് താത്കാലിക കാഷ്വൽ ജീവനക്കാരെയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരെയോ നിശ്ചിത കാലയളവിനപ്പുറം സർവ്വീസിൽ തുടരുന്നതിന് അനുവദിക്കാൻ വ്യവസ്ഥയില്ല. കൂടാതെ വികസന സമിതിക്കുള്ളിൽ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഒരു സമാന്തര ഓഫീസ് സംവിധാനമായി അതിനെ മാറ്റുവാൻ കഴിയില്ലായെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കരാർ പ്രകാരമുള്ള 179 ദിവസത്തെ കാലാവധി പൂർത്തീകരിച്ച എച്ച്.ഡി.സി. താൽക്കാലികമായി നിയമിച്ച ഈ ജീവനക്കാരെ 2014 മേയ് മാസം 9-ഉം 10-ഉം തീയതി മുതൽ പിരിച്ചുവിട്ടത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസന സമിതി 6-9-2013-ൽ ഉത്തരവ് നമ്പർ എ 5-99/12 പ്രകാരം 13 ജീവനക്കാരെ 179 ദിവസത്തേക്ക് ക്ലീനിംഗ് ജോലിക്കായി നിയമിച്ച് ഉത്തരവ് നൽകുകയും, അവരിൽ 12 പേർ ജോലിയിൽ

പ്രവേശിച്ച് 179 ദിവസം പൂർത്തീകരിച്ച മുറയ്ക്ക് 24-3-2014-നും 25-3-2014-നും സേവനത്തിൽ നിന്നും വിടുതൽ നേടി പോയിട്ടുള്ളതുമാണ്.

(സി) ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നത് കാരണം പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് പകരം പുതുതായി ജീവനക്കാരെ നിയമിച്ചിട്ടില്ല. ആശുപത്രി പ്രവർത്തനം തടസ്സപ്പെടാതിരിക്കാനായി, സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുതുതായി ജീവനക്കാരെ നിയമിക്കപ്പെടുന്നതുവരെ, പിരിച്ചു വിടപ്പെട്ട ജീവനക്കാരെ കാഷ്വൽ ജീവനക്കാരായി മാത്രം നിലനിർത്തിയിരിക്കുകയാണ്. എല്ലാ വിഭാഗം ജീവനക്കാരെയും കരാർ പ്രകാരം കാഷ്വൽ ജീവനക്കാർ എന്ന നിലയ്ക്കും താൽക്കാലിക ദിവസ വേതനക്കാരായും മാത്രമാണ് പരിഗണിച്ചു വരുന്നത്. മുൻകാലങ്ങളിൽ ജോലി ചെയ്ത് വന്നിരുന്ന 42 പേർക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമിതരായ 12 പേർക്കും തുല്യപരിഗണനയാണ് നൽകിവരുന്നത്. ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തവർക്കും എല്ലാ താൽക്കാലിക ജീവനക്കാർക്കും അല്ലാത്തവരുമായ വികസന സമിതിയുടെ കീഴിലുള്ള ജീവനക്കാർക്കും അവരുടെ ആവശ്യപ്രകാരം ദിവസ വേതന നിരക്കിൽ പ്രതിമാസമാണ് വേതനം നൽകി വരുന്നത്. ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ പോയതിന്റെ പേരിൽ പീഡിപ്പിക്കുന്നതായതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

പ്രതിമാസ വരുമാനം 500 രൂപവരെയുള്ള രോഗികൾക്ക് സൗജന്യ ചികിത്സ

106 (2657) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിമാസ വരുമാനം 500 രൂപ വരെയുള്ള രോഗികൾക്ക് മാത്രം സൗജന്യ ചികിത്സ അനുവദിക്കാൻ പാടുള്ളുവെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) വ്യക്തികളുടെ വരുമാനം (കുടുംബവരുമാനം അല്ലാതെ) കണക്കാക്കാൻ നിലവിൽ സംവിധാനം ഉണ്ടോ ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ചും വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സൗജന്യ ചികിത്സക്ക് പ്രതിമാസ വരുമാനം 500 രൂപയായി നിജപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്താണ് ; ഇതിന്റെ പ്രയോജനം എത്ര

LIBRARY ARCHIVES Kerala Legislative Assembly